## VII. ഗവൺമെന്റ് പ്രമേയം (ചട്ടം 118)

ആഴക്കടൽ ധാതു ഖനനവുമായി ബന്ധപ്പെട്ട നിയമ ഭേദഗതി

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ആഴക്കടൽ ധാതു ഖനനത്തിനായുള്ള കേന്ദ്രസർക്കാർ നീക്കം ഉപേക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അവതരിപ്പിക്കുന്ന ചട്ടം 118 പ്രകാരമുള്ള ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. എല്ലാവരും അനൗപചാരികമായി അംഗീകരിച്ചതിനാൽ വായിക്കേണ്ട ആവശ്യമില്ല. ഇപ്പോൾ അവർക്ക് വിഷമമുണ്ടെങ്കിലും അവരെല്ലാം ഇതിനോടൊപ്പം നിൽക്കുന്നുണ്ട്. അതുകൊണ്ട് ടി ഉപക്ഷേപം ഐകകണ്ഠ്യേന അംഗീകരിക്കണമെന്നാണ് അഭ്യർഥിക്കാനുള്ളത്.

"കേന്ദ്ര നിയമമായ ഓഫ്ഷോർ ഏരിയാസ് മിനറൽ ഡെവലപ്പ്മെന്റ് ആൻഡ് റെഗുലേഷൻ ആക്റ്റ്, 2002 (Offshore Areas Mineral Development and Regulation Act, 2002)-ൽ 2023-ൽ വരുത്തിയ ഭേദഗതി പ്രകാരം പ്രസ്തുത മേഖലയിലെ പര്യവേഷണത്തിലും ആഴക്കടൽ ധാതു ഖനനത്തിലും

സ്വകാര്യ പങ്കാളിത്തം അനുവദിക്കുകയുണ്ടായി. തുടർന്ന് കേന്ദ്ര ഖനി മന്ത്രാലയം ആഴക്കടൽ ധാതു ബ്ലോക്കുകൾ ലേലം ചെയ്യുന്നതിന്റെ തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

കടലിലെ അമൂല്യമായ മത്സ്യസമ്പത്തിനും ജൈവവൈവിധ്യത്തിനും കനത്ത ആഘാതം ഏൽപ്പിക്കുന്ന നടപടിയുമായാണ് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന്റെ എതിർപ്പുകളെയും ആശങ്കകളെയും അവഗണിച്ചുകൊണ്ട് മുന്നോട്ടുപോകുന്നത്. ആഴക്കടലിലെ ലോല ആവാസവ്യവസ്ഥയെയും ജൈവവൈവിധ്യത്തെയും പ്രതികൂലമായി ബാധിക്കുമെന്ന കാര്യം സംസ്ഥാന സർക്കാർ എടുത്തു പറഞ്ഞിരുന്നു. മത്സ്യസമ്പത്തിനെ ബാധിക്കുന്നതുവഴി സമ്പദ്ഘടനയെയും മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗത്തെ ഇല്ലാതാക്കുകയും ചെയ്യുമെന്ന കാര്യത്തിലും ആശങ്ക ഉയർത്തിയിരുന്നു.

കടലിലെ മത്സ്യസമ്പത്തിനും ആഴക്കടൽ ജൈവവൈവിധ്യത്തിനും ഏറെ ആഘാതം ഏൽപ്പിക്കുന്ന ഒന്നാണ് കേന്ദ്രസർക്കാരിന്റെ പുതിയ നിയമ ഭേദഗതി നടപ്പായാൽ ഉണ്ടാകാൻ പോകുന്നത് എന്നാണ് ഈ മേഖലയിലെ വിദഗ്ധർ

അഭിപ്രായപ്പെടുന്നത്. മത്സ്യസമ്പത്തിന് പുറമെ പവിഴപ്പുറ്റുകൾ (corals), കടൽച്ചേന (sea urchin), ഞണ്ടുകൾ, എന്നിവയും വലിയ തോതിൽ നാശംവരാൻ സാധ്യതയുണ്ട്. കടൽജീവികളുടെ വംശനാശം കടലിൽ നിന്നുള്ള കാർബൺ ബഹിർഗമനം വർധിപ്പിക്കാൻ ഇടയാകുമെന്നും വിദഗ്ധ നിരീക്ഷണങ്ങളുണ്ട്. ആഴക്കടൽ ഖനനം കടലിലെ ജലത്തിൽ ചെളി പടരാനും ഇടയാകും. ഇത് മത്സ്യസമ്പത്തിന് കടുത്ത ആഘാതമേൽപ്പിക്കും. സ്വകാര്യ മേഖലയ്ക്ക് ആഴക്കടൽ ഖനനം അനുവദിക്കുന്നതുവഴി തന്ത്രപ്രധാന ധാതുക്കൾ സ്വകാര്യ വ്യക്തികളുടെ കൈകളിലെത്തുന്നതിനും രാജ്യസുരക്ഷയെ വരെ ബാധിക്കുന്നതിന് ഇടയാക്കാൻ സാധ്യതയുള്ളതുമാണ്.

കടലിലെ ആവാസവ്യവസ്ഥയേയും പരിസ്ഥിതിയേയും ഇത്രയേറെ പ്രതികൂലമായി ബാധിക്കുന്നതും രാജ്യസുരക്ഷയെ തന്നെ അപകടപ്പെടുത്താൻ തന്നെ സാധ്യതയുള്ളതുമായ ഒരു പ്രവർത്തനം അനുവദിക്കുന്ന നിയമ ഭേദഗതിയാണ് കേന്ദ്രനിയമത്തിൽ ഇപ്പോൾ വരുത്തിയിരിക്കുന്നത് എന്ന കാര്യം ഈ സഭ തികഞ്ഞ ആശങ്കയോടെ വീക്ഷിക്കുന്നു.

നമ്മുടെ രാജ്യത്തിന് വിദേശ നാണ്യം നേടിത്തരുന്ന കയറ്റുമതി ഇനമാണ് മത്സ്യസമ്പത്ത്. മത്സ്യസമ്പത്തിന് വംശനാശം വരുത്തുന്ന ഏതു പ്രവർത്തനവും രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും സമ്പദ്ഘടനയെ തകർക്കുന്നതും മത്സ്യസമ്പത്തിനെ ആശ്രയിച്ച് ജീവിക്കുന്ന ലക്ഷക്കണക്കിന് മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗത്തെയും പുതിയ കേന്ദ്ര നിയമം പ്രതികൂലമായി ബാധിക്കുന്ന ഒന്നാണ് എന്നത് നിസ്തർക്കമാണ്.

കേരളത്തിന്റെ പരമ്പരാഗത മത്സ്യമേഖലയായ കൊല്ലം പ്രദേശത്ത് ധാതു ഖനനലേലം നടത്താനുള്ള കേന്ദ്ര ഖനി മന്ത്രാലയത്തിന്റെ നടപടികളെ വലിയ ആശങ്കയോടെയാണ് സംസ്ഥാനത്തെ ജനങ്ങളും ഈ സഭയും വീക്ഷിക്കുന്നത്. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെയും പാരിസ്ഥിതിക സന്തുലനത്തെയും ഗണ്യമായ രീതിയിൽ പ്രതികൂലമായി ബാധിക്കുന്ന കേന്ദ്ര സർക്കാരിന്റെ നിയമഭേദഗതിയും തുടർനടപടികളും ഉടൻ പ്രാബല്യത്തിൽ ഉപേക്ഷിക്കണമെന്ന് ഈ സഭ ഐക്യകണ്ഠേന കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു.”  എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രതിപക്ഷാംഗങ്ങൾ സീറ്റിലില്ലാത്തതിനാൽ പ്രമേയത്തിന്മേൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.

ശ്രീ. പിണറായി വിജയൻ: സർ, ഭേദഗതികൾ അവതരിപ്പിച്ചില്ലെങ്കിലും എല്ലാ ഭേദഗഗതികളുടെയും സ്പിരിറ്റിനോട് യോജിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഉപക്ഷേപം പാസ്സാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.